**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 855

12.06.2013 ൽ മറുപടിക്ക്

**ശാസ്താംകോട്ട കായൽ സംരക്ഷണം**

| | ചോദ്യം<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ശാസ്താംകോട്ട കായൽ സംരക്ഷണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ശാസ്താംകോട്ട കായൽ സംരക്ഷണ പഠന റിപ്പോർട്ടുകളുടെയും സി.ഡബ്ല്യു.ആർ.ഡി.എം. മാനേജ്മെന്റ് ആക്ഷൻ പ്ലാനിന്റെയും അടിസ്ഥാനത്തിൽ രണ്ട് പുതിയ പദ്ധതികളാണ് ജലസേചന വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം പദ്ധതി നിർദ്ദേശത്തിൽ നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവൃത്തികളും ജലം തിരിച്ചു വിട്ട് കായൽ ജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശവുമാണ് ഉള്ളത്. രണ്ടാം പദ്ധതി നിർദ്ദേശപ്രകാരം രണ്ടു ഘട്ടമായി ബദൽ സ്രോതസ്സുകളിൽ നിന്ന് ജലം പമ്പ് ചെയ്ത് കുടിവെള്ളത്തിന് ലഭ്യമാക്കുക എന്നതാണ്. അതുവഴി തടാകത്തിൽ നിന്ന് എടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന് കഴിയും. |
| (ബി) | ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | രണ്ടു പദ്ധതികൾക്കുമായി (15+56.50) ആകെ 71.50 കോടിയാണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. |
| (സി) | തടാകത്തിന്റെ സമഗ്രമായ സംരക്ഷണത്തിനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ബന്ധപ്പെട്ട റിപ്പോർട്ടുകൾ പ്രോജക്ടുകൾ, രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | തടാകത്തിന്റെ സമഗ്രമായ സംരക്ഷണത്തിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ :<br>1. മോയിസ്റ്റർ പിറ്റുകളുടെ നിർമ്മാണം.<br>2.റബിൾ പിച്ച് ബണ്ടുകളുടെ നിർമ്മാണം<br>3.സപ്പോർട്ടിംഗ് റീട്ടെയിനിംഗ് വാളുകളുടെ നിർമ്മാണം.<br>4. ക്രോസ് ബാറുകളുടെ നിർമ്മാണം.<br>5. റീചാർജ്ജ് കിണറുകളുടെ നിർമ്മാണം.<br>6. ഗള്ളി പിറ്റുകളുടെ നിർമ്മാണം.<br>7. ഡൈവേർഷൻ ചാനലുകളുടെ നിർമ്മാണം.<br>8. ശൗചാലയങ്ങളുടെ നിർമ്മാണം<br>9.ബോട്ട് ജട്ടികളുടെയും പടിപ്പുരകളുടെയും റോഡുകളുടെയും നിർമ്മാണം. |

| | | | |
|---|---|---|---|
| | | | ഇറിഗേഷൻ സൗത്ത് സർക്കിൾ ഓഫീസിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെയും മറ്റ് രേഖകളുടെയും പകർപ്പ് ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| (ഡി) | തടാക സംരക്ഷണത്തിനായി മറ്റു വകുപ്പുകളുടെ ഏകോപനത്തിലൂടെ നടത്തുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ജലസേചന വകുപ്പിനു പുറമേ, സോയിൽ സർവ്വെ ആന്റ് സോയിൽ കൺസർവ്വേഷൻ, വനം വകുപ്പ്, ഗ്രാമപഞ്ചായത്തുകൾ, എം.എൻ.ആർ.ഇ.ജി.എസ്, ശുചിത്വ മിഷൻ, എൻ.ജി.ഒ. കൾ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് മേൽ (സി) യിൽ വിവരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ സി.ഡബ്ല്യു.ആർ.ഡി.എം റിപ്പോർട്ടിൽ നിർദ്ദേശമുള്ളത്. |
| (ഇ) | ശാസ്താംകോട്ട തടാക സംരക്ഷണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ